പരിയാരം-കൊച്ചി സഹകരണ മെഡിക്കൽ കോളേജുകളിലെ പ്രവേശനപ്പരീക്ഷ

*10 [86] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:*
,, *എം. വി. ജയരാജൻ:*
,, *കെ. വി. കുഞ്ഞിരാമൻ:*
,, *വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം-കൊച്ചി സഹകരണ മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രത്യേക പ്രവേശനപ്പരീക്ഷ നടത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) സർക്കാർ ഇപ്പോൾ നടത്തുന്ന പൊതുപ്രവേശനപ്പരീക്ഷാ ലിസ്റ്റിൽ നിന്നും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുവാൻ തടസ്സമെന്താണ്;

(ഡി) ഇക്കാര്യത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ):*

(എ) പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകൾ ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിച്ച്, മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രത്യേക പ്രവേശന പരീക്ഷ നടത്താൻ അനുമതി നൽകണമെന്നഭ്യർത്ഥിച്ച്, സഹകരണ അക്കാദമി ഡയറക്ടർ ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള നിയമപ്രകാരം സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനം അനുവദിക്കുന്നതിന് മാനേജുമെന്റുകളുടെ കൺസോർഷ്യത്തിന് പ്രവേശനപ്പരീക്ഷ നടത്തുവാൻ വ്യവസ്ഥയുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള കൺസോർഷ്യം സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുടെ നേതൃത്വത്തിലുള്ളതാണ്. ഈ കൺസോർഷ്യത്തിൽ സഹകരണ മെഡിക്കൽ കോളേജുകളെ ഉൾപ്പെടുത്തുവാൻ അതിന്റെ ഭാരവാഹികൾ വിസമ്മതിച്ചതിനാലാണ് പ്രത്യേക പ്രവേശനപ്പരീക്ഷ നടത്തുവാൻ ആലോചിക്കുന്നത്.

(സി) മാനേജ്മെന്റ് സീറ്റുകളിലേക്ക് പൊതുപ്രവേശനപ്പരീക്ഷാലിസ്റ്റിൽ നിന്നും പ്രവേശനം നൽകാമെന്നതായിരുന്നു കഴിഞ്ഞവർഷത്തെ തീരുമാനം. ഈ തീരുമാനപ്രകാരം പ്രവേശനം നടത്തിയപ്പോൾ അതിനെതിരായി കോടതിവിധിയുണ്ടായി. കോടതിവിധിമൂലം മാനേജ്മെന്റ് സീറ്റിലേക്ക് പ്രവേശനം നടത്തുവാനുള്ള മാനേജ്മെന്റിന്റെ അവകാശം സഹകരണ മെഡിക്കൽ കോളേജുകൾക്കു മാത്രം നിഷേധിക്കപ്പെട്ടു. ഈ സാഹചര്യത്തിലാണ് പുതിയ പ്രവേശന പരീക്ഷ നടത്തുവാൻ ആലോചിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ മെഡിക്കൽ കോളേജുകളുടെ തീരുമാനപ്രകാരം ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ പരീക്ഷാ കൺട്രോളറായി അംഗീകരിക്കുകയും അദ്ദേഹം പരീക്ഷ നടത്തുന്നതിനുള്ള അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ വ്യവസായം തുടങ്ങാനുള്ള സഹായം

*11 [87] *ശ്രീ. ലൂഡി ലൂയിസ്:*

,, *എ. സുജനപാൽ:*

,, *ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും എന്തെല്ലാം പുതിയ വ്യവസായം തുടങ്ങാൻ കഴിയുമെന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ടുകൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഈ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് വ്യവസായം തുടങ്ങാൻ തയ്യാറുള്ളവർക്ക് എന്തെല്ലാം സഹായം നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയനുസരിച്ച് തുടങ്ങുന്ന വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുവാൻ എന്തെല്ലാം സഹായം നൽകുമെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും അതാതു ജില്ലയിലെ വിഭവ ലഭ്യതയും അടിസ്ഥാന സൗകര്യങ്ങളും കണക്കിലെടുത്ത് ആരംഭിക്കുവാൻ കഴിയുന്ന വ്യവസായങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഈ പട്ടികയിൻപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്ന 1500 വ്യവസായങ്ങളുടെയും കൂടാതെ സ്വയംതൊഴിൽ പദ്ധതിപ്രകാരം തുടങ്ങാവുന്ന 151 സംരംഭങ്ങളുടെയും പ്രോജക്ട് പ്രൊഫൈൽസ് വ്യവസായ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിലവിൽ നൽകുന്ന സഹായങ്ങൾക്കു പുറമെ വ്യവസായ വകുപ്പിന്റെ പുതിയ പദ്ധതിയായ 'പ്രത്യാശ'യിൽക്കൂടി സംരംഭകർക്കാവശ്യമായ സാങ്കേതിക ഉപദേശവും വിദഗ്ദ്ധ പരിശീലനവും നൽകുകയും പദ്ധതിക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും, വ്യാവസായികാവശ്യത്തിനുവേണ്ട തദ്ദേശ സ്വയംഭരണ/സംസ്ഥാന സർക്കാർ വക സ്ഥലം മുൻഗണനാടിസ്ഥാനത്തിൽ നൽകുകയും ചെയ്യുന്നു. നിലവിലുള്ള സഹായങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

† അനുബന്ധം III

GPM. 2/573/2012—6

LIBRARY ARCHIVES Kerala Legislative Assembly